പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 760 — 30.06.2011-ൽ മറുപടിക്ക്

## പാഠപുസ്തക വിതരണത്തിലെ കാലതാമസം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ.പി. കെ. അബ്ദു റബ്ബ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ പാഠപുസ്തക വിതരണം പൂർത്തിയായിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;<br><br>(സി) പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>(ഡി) പാഠപുസ്തക വിതരണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ ? | (ബി) (സി) & (ഡി) ആവശ്യമായ പാഠപുസ്തകങ്ങളുടെ വിവരം സ്കൂളുകളിൽ നിന്നും ക്ലസ്റ്റർ സൊസൈറ്റി അടിസ്ഥാനത്തിൽ ഓൺലൈനായി ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങൾ അച്ചടിശാലയിൽ നിന്നും ക്ലസ്റ്റർ സൊസൈറ്റികൾ മുഖാന്തിരം നേരിട്ട് സ്കൂളുകളിൽ എത്തിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്.<br>പാഠപുസ്തകത്തിന്റെ ആവശ്യകത സംബന്ധിച്ച് സ്കൂളുകൾ നൽകിയ ഇൻഡഡിലെ പിശകുകളാണ് പാഠപുസ്തക വിതരണത്തിലെ കാലതാമസത്തിനു കാരണം. പാഠപുസ്തകങ്ങൾ ഇനിയും ലഭിക്കാനുള്ള സ്കൂളുകൾക്ക് അക്കാര്യം ഓൺലൈനായി രേഖപ്പെടുത്തുന്നതിന് അവസരം നൽകിയും വിതരണത്തിൽ പിന്നോക്കം നിന്ന കൊറിയർ ഏജൻസിയിൽ നിന്നും ചില ജില്ലകളുടെ വിതരണ ചുമതല കേരള ബുക്ക് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി ഏറ്റെടുത്തും ജൂൺ 30-നകം പുസ്തക വിതരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ